"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

ദുരന്തനിവാരണ വകുപ്പ് - മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈക്കോയ്ക്ക് ചെലവായ തുക സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും അനുവദിച്ച് ഉത്തരവാകുന്നു.

---

ദുരന്തനിവാരണ (എ) വകുപ്പ്

സ.ഉ.(സാധാ) നം.36/2026/DMD തീയതി,തിരുവനന്തപുരം, 14-01-2026

---

പരാമർശം:-

1. 20/05/2021 തീയതിയിലെ സ.ഉ.(സാധാ) നം.429/2021/ഡിഎംഡി
2. 28/05/2021 തീയതിയിലെ സ.ഉ.(സാധ) നം.273/2021/മ.ഉവ
3. ഫിഷറീസ് ഡയറക്ടറുടെ 20/03/2025 തീയതിയിലെ DFTVM/985/2020-D1-Part(1) നമ്പർ കത്ത്.
4. സിവിൽ സപ്ലൈസ് കോർപറേഷൻ മാനേജിങ് ഡയറക്ടറുടെ 13/03/2025 തീയതിയിലെ KSCSC/2409/2023-M5(MTNG) നമ്പർ കത്ത്.

**ഉത്തരവ്**

മത്സ്യ തൊഴിലാളികൾക്ക് ലോക്ക്ഡൌൺ, ചുഴലികാറ്റ് എന്നിവയുടെ പശ്ചാത്തലത്തിൽ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള തുക ഉപയോഗിച്ച് കിറ്റ് വിതരണം ചെയ്യുവാൻ തീരുമാനം കൈക്കൊണ്ടിരുന്നു. പരാമർശം (2) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യ കിറ്റുകൾ വിതരണം ചെയ്ത വകയിൽ (134869 ഭക്ഷ്യ കിറ്റുകൾ) സപ്ലൈകോയ്ക്ക് ചെലവായ 16,07,96,525.30/-രൂപ അനുവദിക്കുന്നതിനുള്ള തുടർ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് സപ്ലൈകോ മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം കത്ത് ലഭ്യമാക്കിയിട്ടുണ്ടെന്നും ആയത് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും ഫിഷറീസ് ഡയറക്ടർ പരാമർശം (4) പ്രകാരം അഭ്യർത്ഥിച്ചിരുന്നു .

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ ഭക്ഷ്യകിറ്റുകൾ വിതരണം ചെയ്യുന്നതിന് സപ്ലൈക്കോയ്ക്ക്

ചെലവായ 16,07,56,696/- രൂപ സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ 2245-02-101-94- F-Other Items എന്ന ശീർഷകത്തിൽ നിന്നും, ഫിഷറീസ് ഡയറക്ടറുടെ STSB Account No.701011400000189 ലേക്ക് അനുവദിച്ച് ഉത്തരവാകുന്നു.

മേൽ തുക അനുവദിക്കുന്നതിനുള്ള നടപടി ദുരന്ത നിവാരണ വകുപ്പിലെ ഫിനാൻസ് ഓഫീസർ സ്വീകരിക്കേണ്ടതും, തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തുന്നതിനുള്ള നടപടി ഫിഷറീസ് ഡയറക്ടർ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BINDU C VARGHESE
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

കമ്മീഷണർ, ലാന്റ് റവന്യൂ

കമ്മീഷണർ, ദുരന്ത നിവാരണം

ഡയറക്ടർ, ഫിഷറീസ് വകുപ്പ്

ഡയറക്ടർ, ട്രഷറി വകുപ്പ്

മാനേജിംഗ് ഡയറക്ടർ, സപ്ലൈകോ

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി

ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണ വകുപ്പ്

പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Kumari Rekha S R
സെക്ഷൻ ഓഫീസർ
Date: 16-01-2026 13:09:46